സംഘടിപ്പിച്ചു. ക്യാമ്പ് അംഗങ്ങളുടെ കൂട്ടായ്മയിൽ ഒരു ഹ്രസ്വചിത്രം നിർമ്മിക്കുകയുണ്ടായി. പ്രമുഖ മലയാള സിനിമാ സംവിധായകൻ ശ്രീ. വിനിൻ രാജേന്ദ്രനാണ് ചലച്ചിത്ര ശില്പശാലയുടെ ക്യാമ്പ് ഡയറക്ടറായി മുഴുവൻ ദിവസവും പ്രവർത്തിച്ചത്.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

വിഷൻ 2030

250 (6701) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വിഷൻ 2030-നെ കുറിച്ച് ചർച്ചാപരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തൊക്കെ വിഷയങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച യുവജനങ്ങൾക്ക് ബഹു. മുഖ്യമന്ത്രിയുമായി ആശയ വിനിമയം നടത്തുന്നതിനും ഭാവി കേരളത്തെ പറ്റിയുള്ള നവീന ആശയങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും പങ്കിടുന്നതിനുമാണ് വിഷൻ 2030 എന്ന പരിപാടികൊണ്ട് വിഭാവനം ചെയ്തത്. യുവജനങ്ങൾക്ക് തങ്ങളുടെ ഭാവനകളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും തുറന്നവതരിപ്പിക്കാൻ വിഷൻ 2030 അവസരമൊരുക്കി. 2013 ഏപ്രിൽ 23-ന് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് പരിപാടി സംഘടിപ്പിച്ചത്.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ വിവിധ മേഖലകളിൽനിന്നും തെരഞ്ഞെടുത്ത യുവജനങ്ങളുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly